بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 29/04/2016

**(21 RAJAB 1437 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## "ISLAM : THE RELIGION OF PEACE"
## "ഇസ്‌ലാം : സമാധാനത്തിന്റെ മതം"

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം **ഇസ്ലാം സമാധാനത്തിന്റെ മതം** എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ചു തുടങ്ങി. എല്ലാ അർത്ഥത്തിലും സമാധാനപൂർണ്ണമായ ഒരു സമൂഹം പടുത്തുയർത്തുവാനാണ് ഇസ്ലാം ലക്ഷ്യം വയ്ക്കുന്നത്. സമാധാനപൂർണ്ണമായ സാഹചര്യങ്ങളുടെ അഭാവത്തിൽ, മാനവന്റെ ഉന്നത മൂല്യങ്ങൾ, എത്തിപ്പിടിക്കുവാൻ അവന് കഴിയാതെ വരും. ആത്മീയവും ധാർമ്മികവുമായ പുരോഗതി ആർജ്ജിക്കുവാൻ സമാധാനാന്തരീക്ഷം അനിവാര്യമാണ്. ഒരു നല്ല സമൂഹം കെട്ടിപ്പടുക്കുവാൻ സമാധാന അന്തരീക്ഷം ഒഴിച്ചുകൂടാൻ പാടില്ലത്തതാണ്. സമാധാന അന്തരീക്ഷത്തിൽ മാത്രമേ, പഠന ഗവേഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാവുകയുള്ളൂ. സത്യപ്രചാരണ പ്രവർത്തനങ്ങളും സമാധാന അന്തരീക്ഷത്തിൽ മാത്രമേ നിറവേറ്റുവാൻ കഴിയുകയുള്ളൂ. ഇസ്ലാമിന്റെ അധ്യാപനങ്ങളിൽ ഒന്ന് രഞ്ജിപ്പാകുന്നു. അല്ലാഹു (ത) വിശുദ്ധ ഖുർആനിൽ പറയുന്നു. **"രഞ്ജിപ്പാണ് ഏറ്റവും നല്ലത്" (4:129)**

ഈ കാര്യത്തിൽ ഇസ്ലാം നമ്മോട് കൽപ്പിക്കുന്നു. ഏകപക്ഷീയമായ ത്യാഗത്തിലൂടെയും ക്ഷമയിലൂടെയാണെങ്കിലും നിങ്ങൾ സമാധാനം സ്ഥാപിക്കുക. ഇസ്ലാമിക ചരിത്രത്തിലെ, ആദ്യഘട്ടത്തിലെ ഒരു സംഭവം, ഈ ഏകപക്ഷീയമായ സമാധാന സ്ഥാപനത്തിനുള്ള ഒരു നല്ല മാതൃക നമുക്ക് നൽകുന്നു. ശത്രുപക്ഷത്തെ എല്ലാ ആവശ്യങ്ങളും അംഗീകരിച്ചുകൊണ്ട് ഒരു യുദ്ധമില്ലാ ഉടമ്പടി ഇസ്ലാമിന് സ്ഥാപിക്കുവാൻ കഴിഞ്ഞു എന്നത് ഒരു വസ്തുതയാണ്. സമൂഹത്തിൽ സമാധാന അന്തരീക്ഷം സംജാതമാക്കുവാൻ, ഇസ്ലാം അനേകം കല്പനകൾ മുന്നോട്ടു വയ്ക്കുന്നു. ഉദാഹരണമായി വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞു. **"ജനങ്ങളുടെ ജീവനും സ്വത്തും ആരുടെ കരങ്ങളിൽ സുരക്ഷിതമായിരിക്കുന്നുവോ അവനാണ് ഒരു വിശ്വാസി."** (തിർമിതി) മറ്റൊരു പ്രവാചക വചനത്തിൽ പറയുന്നു. **"ആരുടെ ഉപദ്രവത്താൽ തന്റെ അയൽവാസി സുരക്ഷിതനല്ലയോ, അവൻ വിശ്വാസിയല്ല"** (ബുഖാരി) ഇസ്ലാം ലക്ഷ്യം വയ്ക്കുന്നത് ജനങ്ങൾ എല്ലാ അർത്ഥത്തിലും സമാധാന കാംഷികളായിരിക്കണമെന്നാണ്. അതുകൊണ്ടാണ് നിങ്ങൾ പരസ്പരം സലാം പറയുവാൻ ഇസ്ലാം കൽപ്പിക്കുന്നത്. അസ്സലാമു അലൈക്കും, നിങ്ങൾക്ക് സമാധാനമുണ്ടാകട്ടെ! മറ്റൊരു പ്രവാചക വചനത്തിൽ പറയുന്നു. **"ഇസ്ലാമിലെ ഏറ്റവും നല്ല കാര്യം പറഞ്ഞു തരട്ടെ! നിങ്ങൾ കണ്ടുമുട്ടുന്ന പരിചയമുള്ളവർക്കും പരിചയമില്ലാത്തവർക്കും, നിങ്ങൾ സലാം പറയുക".** യഥാർത്ഥത്തിൽ നിങ്ങളിൽ കുടികൊണ്ടിരിക്കുന്ന സമാധാനത്തിന്റെ ആഗ്രഹബഹിർ പ്രകടനമാണ് **"നിങ്ങൾക്ക് സമാധാനമുണ്ടാകട്ടെ"** എന്ന ഈ വാക്കുകളെ ആവർത്തിച്ച് പറയുന്നതിലൂടെ പ്രകടമാകുന്നത്. ഓരോ വ്യക്തിയിലും ഈ വികാരം കൊത്തിവയ്ക്കുവാൻ ഇസ്ലാം ആഗ്രഹിക്കുന്നു. അതിലൂടെ ഓരോ വ്യക്തിയും ഒരു യഥാർത്ഥ സമാധാന പ്രേമിയായി തീരാൻ ഇസ്ലാം കാംഷിക്കുന്നു. അത് അവന്റെ ഹൃദയത്തിൽ നിറഞ്ഞു തുളുമ്പണം. നിറഞ്ഞു തുളമ്പുന്ന ഈ സ്നേഹ പ്രകടനം ഓരോ വ്യക്തിയേയും കാണുമ്പോൾ അവരിലേക്ക് ഒഴുകിയെത്തണം. ഇങ്ങനെയാണ് അതേ, പ്രകൃതിപരമായും ഇങ്ങനെതന്നെയാണ്, ഇതിലൂടെയാണ് ഇത് ലക്ഷ്യമിടുന്ന എല്ലാ നല്ല ഫലങ്ങളും നേടിയെടുക്കുന്നത്, സമാധാന അന്തരീക്ഷം സംജാതമാക്കിക്കൊണ്ടാണ്! ദേശീയ തലത്തിലാകട്ടെ അന്താരാഷ്ട്ര തലത്തിലാകട്ടെ ! മുഴുവൻ പ്രപഞ്ചവും സമാധാനപാതയാണ് പിൻതുടരുന്നത്. ശാസ്ത്രത്തിൽ ഇത് അറിയപ്പെടുന്നത് പ്രകൃതി നിയമമെന്നാണ്. ദൈവം ഇത് അവയുടെമേൽ അടിച്ചേൽപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട് മനുഷ്യനും ഈ സമാധാനത്തിന്റെ പാത പിൻതുടരേണ്ടതാണ്, അവന്റെ സ്വന്തം ഇഷ്ടപ്ര

കാരം ! വിശുദ്ധ ഖുർ ആനിൽ ഈ വാക്കുകളിലൂടെ പ്രകടിപ്പിക്കുന്നത് ഇത് തന്നെയാണ്.**" അപ്പോൾ, അല്ലാഹുവിന്റെ മതത്തെയല്ലാതെ മറ്റ് വല്ലതിനെയുമാണോ അവർ അന്വേഷിക്കുന്നത്. വാസ്തവത്തിൽ ആകാശങ്ങളിലും ഭൂമിയിലുമുള്ളവരെല്ലാം സ്വമനസ്സാലെയോ, നിർബന്ധിതമായോ അവന് കീഴ്പ്പെട്ടിരിക്കുന്നു. (ഒടുവിൽ) അവങ്കലേക്കു തന്നെ അവർ തിരിച്ചയക്കപ്പെടുന്നതുമാണ്." 3:84**

മുഴുവൻ പ്രപഞ്ചത്തിന്റെയും മതം സമാധാനമായിരിക്കെ, മനുഷ്യന്റെ മതവും സമാധാനത്തിന്റേതായിരിക്കണം. അതുകൊണ്ടാണ്, ക്രിസ്തുവിന്റെ വാക്കുകളിൽ ഇങ്ങനെ പറയുന്നത്. **"ആകാശത്തിലേതു പോലെ, ദൈവത്തിന്റെ ഇച്ഛയാണ് ഭൂമിയിലും നടത്തപ്പെടേണ്ടത്."** (മത്തായി 6:10) അതേ രീതിയിൽ വിശുദ്ധ ഖുർ ആൻ നമ്മോട് പറയുന്നു **"സൂര്യന് ചന്ദ്രനെ എത്തിപ്പിടിക്കാനാവില്ല; രാവ് പകലിനെ മറികടക്കുന്നതുമല്ല. ഓരോന്നും ഓരോ സഞ്ചാര പഥത്തിൽ അനായാസം സഞ്ചരിച്ചുകൊണ്ടിരിക്കുന്നു"** 36:41 ആകാശങ്ങളും ഭൂമിയും ദൈവം സൃഷ്ടിച്ചപ്പോൾ, ആ വസ്തുക്കളോട് അവൻ കൽപ്പിച്ചു. ഓരോന്നും അവയുടെ ജോലി സമാധാനപൂർവ്വം ചെയ്തുകൊള്ളണം. മറ്റൊന്നുമായി സംഘട്ടനത്തിലേർപ്പെടരുത്. കോടാനുകോടി വർഷങ്ങളായി, മുഴുവൻ പ്രപഞ്ചവും ദൈവീക പദ്ധതിയനുസരിച്ച്, പരിപൂർണ്ണ സൗഹാർദ്ദത്തിൽ അവയുടെ ജോലികൾ ചെയ്തുകൊണ്ടിരിക്കുന്നു. സമാധാനം എന്നത് പുറമേയുള്ള ഒരു വസ്തുവല്ല, മനുഷ്യന്റെ ഉള്ളിലേക്ക് കൃത്യമമായി കടത്തിവിടുവാൻ ! സമാധാനമെന്നത് പ്രകൃത്യാ അതിൽ സ്വയം ഉണ്ടായി വരുന്നതാണ്. പ്രകൃതി വ്യവസ്ഥ ദൈവം രൂപപ്പെടുത്തിയതും നിലനിർത്തിയിരിക്കുന്നതും സമാധാനത്തിന്റെ അടിത്തറയിലാണ്. ഈ വ്യവസ്ഥയ്ക്ക് കോട്ടം വരുത്താതെയിരുന്നാൽ, സർവ്വശക്തനായ ദൈവം ലക്ഷ്യമിട്ടതുപോലെ, അതിന്റെ പ്രാരംഭത്തിലെന്ന പോലെ അത് പ്രവർത്തിച്ചുകൊണ്ടിരിക്കും. സമാധാനത്തിന്റെ പാതയിൽ മനുഷ്യ വ്യവസ്ഥിതി കൈകാര്യം ചെയ്യണമെങ്കിൽ, ആ വ്യവസ്ഥയിൽ അഴിമതിയുടെ ഘടകങ്ങൾ ഉണ്ടാകാൻ പാടില്ല. അതുകൊണ്ടാണ് വിശുദ്ധ ഖുർ ആൻ പ്രസ്താവിക്കുന്നത് **"ഭൂമിയിൽ നന്മ വരുത്തിയ ശേഷം നിങ്ങൾ അതിൽ കുഴപ്പം ഉണ്ടാക്കരുത്."** 7:86 ഭംഗമില്ലാതെ പ്രകൃതി സ്ഥാപിച്ചതിൽ സമാധാന സംരക്ഷണത്തിനായി രണ്ട് പ്രധാന കല്പനകൾ ഇസ്ലാം മുന്നോട്ട് വയ്ക്കുന്നു. ഒന്ന് വ്യക്തിപരമാണ്, അതായത് വ്യക്തി ക്ഷമ കൈക്കൊള്ളേണ്ടതിന്റെ ആവശ്യകത അത് ഊന്നി പറയുന്നു. രണ്ടാമത്തേത് സാമൂഹ്യപരമാണ്. സമൂഹത്തിൽ കുറ്റകരമായ നടപടികൾ ചെയ്യുന്നതിനെ അത് തടയുന്നു. കുറ്റകരമായ കാര്യം ചെയ്യരുത് എന്ന് ഒരു വ്യക്തിയോടു പറഞ്ഞാൽ, ചെയ്യും എന്നുള്ള അവന്റെ വാശി, ദൈനംദിന ജീവിതത്തിൽ, സമാധാനഭംഗത്തിന്റെ ഏറ്റവും വലിയ ഘടകമാണ്. ഇങ്ങനെ ആവർത്തിക്കുമ്പോൾ, മറ്റുള്ളവർ ചെയ്യുന്ന തെറ്റുകളുടെ പ്രത്യാഘ്യാതം, സമൂഹത്തിലെ തെറ്റുചെയ്യാത്തവരും അനുഭവിക്കേണ്ടി വരുന്നു. ഇത്തരം സന്ദർഭങ്ങളിൽ, ഒരാൾ അതിനെ നേരിടുകയാണെങ്കിൽ, അത് ക്രമേണ വഴക്കിലേക്ക് എത്തിച്ചേരുന്നു. അതുകൊണ്ടാണ് ഇസ്ലാം ആവർത്തിച്ച് നമ്മോട് കൽപിക്കുന്നത് നിങ്ങൾ ക്ഷമയുടെ പാതയിലൂടെ സഞ്ചരിക്കുക. വിശുദ്ധ ഖുർ ആൻ പറയുന്നു. **"നിശ്ചയമായും ക്ഷമാലുക്കൾക്ക് അവരുടെ പ്രതിഫലം ഒരു കണക്കും കൂടാതെ പൂർണ്ണമായും നൽകപ്പെടുന്നതാണ്. "(39:11)**

ക്ഷമയുടെ പ്രതിഫലങ്ങൾ വളരെ മഹത്തായതാകാൻ കാരണം, ക്ഷമ അല്ലാഹുവിന്റെ യശസ്സിന്റെയും സന്തോഷത്തിന്റെയും വാതിലിന്റെ താക്കോലാണ്. പ്രതികൂലമായ സാഹചര്യങ്ങളിലെ ദുരനുഭവങ്ങളെ നേരിടുവാൻ ക്ഷമയും സഹനതയും ആവശ്യമാണ്. ദൈവത്തിന്റെ ഇച്ഛയിൽ ഭരമേൽപിക്കുവാനുള്ള മനോഭാവവും വേണം, അതിനാണ് മധുരതരമായ പ്രതിഫലങ്ങൾ അല്ലാഹു നൽകുന്നത്, ഇഹലോകത്തും നാളെ പരലോകത്തും. സർവ്വ ശക്തനായ ദൈവം തന്റെ ദാസന്മാരെ പരീക്ഷണ വിധേയമാക്കുന്നു. അവൻ സ്വയം പര്യാപ്തതയുള്ളവനാണെങ്കിൽ കൂടി, അവന് ആരുടെയും സഹായം ആവശ്യമില്ലെങ്കിൽകൂടി, അവൻ അവന്റെ ദാസന്മാരെ പരീക്ഷണവിധേയമാക്കുന്നു, അവരുടെ ആത്മാർത്ഥതയെയും വിശ്വാസത്തെയും പരീക്ഷിക്കുന്നു, അവൻ അവരിൽ നിന്ന് വാഗ്ദാനങ്ങൾ സ്വീകരിക്കുന്നു, മുന്നോട്ട് വരുവാൻ ആവശ്യപ്പെടുന്നു. നന്മയുടെ വഴിയിൽ, ദൈവമാർഗ്ഗത്തിൽ അവന്റെ സഹായികളായി തീരാൻ ആവശ്യപ്പെടുന്നു. വിശുദ്ധ ഖുർആൻ പറയുന്നു.**"വിശ്വസിച്ചവരെ, നിങ്ങൾ അല്ലാഹുവിന്റെ (കാര്യത്തിൽ) സഹായികളാവുക. മറിയമിന്റെ മകൻ ഈസാ (തന്റെ) അനുയായികളോട് അല്ലാഹുവിന്റെ കാര്യത്തിൽ എന്നെ സഹായിക്കുന്നവരാരുണ്ട്. എന്ന് ചോദിച്ച അവസരത്തിൽ (സംഭവിച്ചത്) പോലെ "ഞങ്ങൾ അല്ലാഹുവിന്റ സഹായികളാണെന്ന്" ആ അനുയായികൾ പറഞ്ഞു. അങ്ങനെ ഇസ്റായീൽ സന്തതികളിൽ നിന്ന് ഒരു വിഭാഗം വിശ്വസിച്ചു. മറ്റൊരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു. അപ്പോൾ വിശ്വസിച്ചവരെ അവരുടെ ശത്രുക്കൾക്കെതിരിൽ നാം ബലപ്പെടുത്തി. അങ്ങനെ അവർ വിജയികളായി തീർന്നു." 61:15**

അങ്ങനെ, ക്ഷമാലുക്കളായവർ, അല്ലാഹു (ത) രൂപപ്പെടുത്തിയ വ്യവസ്ഥയെ ഉയർത്തിപ്പിടിച്ചു. അങ്ങനെയവർ അല്ലാഹുവിന്റെ സഹായികളായി തീർന്നു. അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ള നിയമങ്ങളും വ്യവസ്ഥകളും കണ്ടിട്ട്, അതിനെ സൂക്ഷ്മ നിരീക്ഷണം നടത്തി, അവന്റെ ജീവിതം അതിനനുസൃതമായി ക്രമപ്പെടുത്തി, സർവ്വശക്തനായ ദൈവം അവന് അനുവദിച്ച സമയം, ഭൂമിയിൽ സമാധാനം വ്യാപിപ്പിക്കുവാൻ ചെലവഴിക്കുന്നു. ആ സമാധാനം അവനിൽ ജന്മസിദ്ധമായിട്ടുള്ളതും, അതവന് അളക്കുവാനും കണ്ടെത്തുവാനും കഴിയുന്നതുമാണ്. അങ്ങനെ സമാധാനം അവനെ, ദൈവത്തിന്റെ മഹത്വത്തെ കണ്ടെത്തുവാനും, മനുഷ്യരുമായി അടുത്ത് ബന്ധപ്പെടുവാനും, തന്നിലുള്ളതുപോലെ അവരിലും ദൈവത്തിന്റെ സത്തയാണുള്ളതെന്നും അവൻ അറിയുന്ന നിലയിൽ അവനെ കഴിവുറ്റവനാക്കുന്നു. മറ്റൊരു കൽപനയാണ് മാനവ സമുദായത്തിൽ സമാധാനം നിലനിർത്തുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക എന്നത്. കുറ്റകരമായ ഒരു യുദ്ധം പൊട്ടിപുറപ്പെടുന്നത് തടയുക എന്നത്. പരസ്പരം യുദ്ധം ചെയ്യുവാൻ ഇസ്ലാമിലെ ഒരാൾക്കും ഇസ്ലാം അനുവാദം നൽകുന്നില്ല. ഇത് ഒരു രീതിയിലും നീതികരിക്കാവുന്നതുമല്ല. സർവ്വശക്തനായ ദൈവം വിശുദ്ധ ഖുർ ആനിൽ പറയുന്നു. **"നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ നിങ്ങൾ അതിക്രമം പ്രവർത്തിക്കരുത്. അല്ലാഹു അതിക്രമികളെ ഇഷ്ടപ്പെടുകയില്ല തന്നെ. "2:191**

ഞാൻ വീണ്ടും വീണ്ടും ആവർത്തിച്ച് പറഞ്ഞിട്ടുള്ളതുപോലെ പറയുന്നു. ഇസ്ലാമിൽ ഒരേയൊരു യുദ്ധമേ അനുവദിച്ചിട്ടുള്ളൂ. അത് പ്രതിരോധയുദ്ധമാണ്. പ്രകൃത്യായുള്ള തത്വങ്ങളിൽ നിന്ന് ഒരു രാഷ്ട്രം വ്യതിചലിക്കുകയാണെങ്കിൽ, ആ രാഷ്ട്രം മറ്റൊരു രാഷ്ട്രത്തിനെതിരിൽ യുദ്ധം നടത്തുകയാണെങ്കിൽ, അപ്പോൾ, അത്തരം സാഹചര്യത്തിൽ, പ്രതിരോധയുദ്ധം, വ്യവസ്ഥകൾക്കു വിധേയമായി, ആക്രമണ വിധേയമായ രാജ്യത്തിന് ചെയ്യാവുന്നതാണ്. ഇങ്ങനെ ചെയ്യുന്നത് അവരുടെ അവകാശങ്ങൾ സംരക്ഷിക്കുവാനും, ധനങ്ങൾ സംരക്ഷിക്കുവാനും, അവിടെയുള്ള ജനങ്ങളെ സംരക്ഷിക്കുവാനുമാണ്. ഇസ്ലാം സമാധാനത്തിന്റെ മതമാണ്. ഇസ്ലാം എന്ന പേരിൽ തന്നെ സമാധാനം ആലേഖനം ചെയ്തിരിക്കുന്നു. സിൽമ് എന്ന അറബിക് റൂട്ടിൽ നിന്നുമാണ് ഇസ്ലാം എന്ന വാക്കുണ്ടായത്. സിൽമ് എന്നാൽ സമാധാനം എന്നാണ് അർത്ഥം. വിശുദ്ധ ഖുർ ആൻ പ്രസ്താവിക്കുന്നു. **"അല്ലാഹു സമാധാന ഗൃഹത്തിലേക്ക് ക്ഷണിക്കുന്നു. താൻ ഉദ്ദേശിക്കുന്നവരെ അവൻ നേർമാർഗ്ഗത്തിലേക്ക് നയിക്കുകയും ചെയ്യുന്നു."** 10:26 ഈ താത്ക്കാലിക ലോകത്ത് പുരുഷനും സ്ത്രീയും തോളോട് തോൾ ചേർന്ന് ഒരു സമാധാന സമൂഹം സ്ഥാപിക്കണം. അതാണ് ദൈവീക ഇച്ഛ. ആദം (അ) മുതൽ മുഹമ്മദ് (സ) വരെയും മാനവർക്കായി അവതരിച്ച മറ്റിതര അവതാരങ്ങൾ, പരിഷ്ക്കർത്താക്കൾ, പ്രവാചകന്മാരും മുഹമ്മദ് സമുദായവും മുഹമ്മദ് (സ) യ്ക്ക് ശേഷവും ഒരേയൊരു സമുദായമാണ് മനുഷ്യ സമുദായം. സമാധാനമാകുന്നു വിജയത്തിന്റെ സംഗ്രഹം. ഉന്നതി പ്രാപിച്ചവരെല്ലാം സമാധാനത്തിലൂടെയാണ് അത് നേടിയത്. എല്ലാ മതങ്ങളുടെയും അടിസ്ഥാനം സമാധാനമാകുന്നു. വിശ്വാസികളെന്ന നിലയിൽ നമ്മുടെ ഉത്തരവാദിത്വം- സത്യവാന്മാരുടെ പ്രതീക്ഷ അത് മാത്രമാണ്- വാക്കിലും പ്രവർത്തിയിലും ഖണ്ഡിതമായി അവർ ലോകത്ത് സമാധാനം സ്ഥാപിക്കുവാൻ കഠിനമായി പരിശ്രമിക്കുന്നതാണ്. സമസ്ത മാനവ പുരോഗതിയും കുടികൊള്ളുന്നത് അതിലാണ്. നിങ്ങൾ സ്വയം സമാധാനത്തിലാകുക. സമാധാനം നിങ്ങളെ ആസകലം പൊതിയട്ടെ; നിങ്ങളെയും നിങ്ങളുടെ ബന്ധങ്ങളെയും ബാധിക്കുന്ന എല്ലാ പ്രതികൂലാവസ്ഥകളെയും നേരിടേണ്ടത് ദൈവത്തിലൂടെയും നിങ്ങളെപ്പോലുള്ള മനുഷ്യരിലൂടെയുമാണ്. അപ്പോൾ നിങ്ങളുടെ ലക്ഷ്യത്തിൽ വിജയശ്രീലാളിതരായി എത്തിച്ചേരുവാൻ നിങ്ങൾ പ്രാപ്തരായി തീരുന്നതാണ്. ഇൻശാ അല്ലാഹ് ആമീൻ.


**Translated & Issued By**

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*